## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 904 02.12.2015-ൽ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിലെ ജപ്പാൻകുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം : | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ. | കോഴിക്കോട് ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതിക്ക് കീഴിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ : | എ. | കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ജലവിതരണം ആരംഭിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണി പുരോഗമിച്ചു വരുന്നു. എന്നാൽ തലക്കുളത്തൂർ പഞ്ചായത്തിൽ ജൈക്ക പദ്ധതിക്കായി നിർമ്മിച്ച പുതിയ ജലസംഭരണിയ്ക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സംഭരണിയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലം സംഭരിച്ച് ജലവിതരണം നടത്തുന്നുണ്ട്. |
| ബി | പദ്ധതിയുടെ ഭാഗമായ കുളിമാട് പമ്പിംഗ് സ്റ്റേഷൻ നിൽക്കുന്ന ചാത്തമംഗലം പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ : | ബി. | ചാത്തമംഗലം പഞ്ചായത്ത് പ്രദേശം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല. |
| സി | ചാത്തമംഗലം പഞ്ചായത്തിന്റെ ശുദ്ധജല വിതരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ വാട്ടർ അതോറിറ്റിക്ക് പദ്ധതിയുണ്ടോ : | സി | ചാത്തമംഗലം മാവൂർ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 40.50 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള ഒരു പുതിയ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ |

അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കുളിമാടിൽ കിണർ നിർമ്മിച്ച് ജലം പമ്പ് ചെയ്ത്, അവിടെ തന്നെ പുതുതായി നിർമ്മിക്കുന്ന 10 എം.എൽ.ഡി ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച ശേഷം, ജലം വിതരണം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

| | | | |
|---|---|---|---|
| ഡി | കുളിമാട് കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് കിണർ ചരിഞ്ഞുപോയത് മൂലം മുടങ്ങിപ്പോയ പദ്ധതി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? | ഡി | കുളിമാട് പദ്ധതിയുടെ നടത്തിപ്പും വിപുലീകരണവും ഗ്രാമപഞ്ചായത്താണ് നിർവ്വഹിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ